പദ്ധതികളുമായി മുന്നോട്ട് വരണമെന്ന് കമ്പനി പ്രതിനിധികളോട് ആവശ്യപ്പെട്ടിരുന്നു. മേൽപ്പറഞ്ഞ നിർദ്ദേശം കമ്പനിയുടെ 2015 ഒക്ടോബർ മാസത്തിൽ കൂടുന്ന ഡയറക്ടർ ബോർഡിന്റെ യോഗത്തിൽ സമർപ്പിക്കാമെന്നും അതിന്മേൽ ഉചിതമായ തീരുമാനമെടുത്ത് എത്രയും പെട്ടെന്ന് പുതിയ നിർദ്ദേശം സർക്കാരിന് സമർപ്പിക്കാമെന്നും കമ്പനി പ്രതിനിധികൾ ഉറപ്പു നൽകിയിരുന്നെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

ചെറുകിട വ്യവസായ സംരംഭങ്ങൾ

202 (569) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) പുതുതായി എത്ര ചെറുകിട വ്യവസായ സംരംഭങ്ങൾ സർക്കാരിന്റെ അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ആരംഭിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ ;

(സി) ഇതിനുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) ചേലക്കര മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ഫണ്ടനുവദിച്ച് ഭരണാനുമതി നൽകിയതിനെ തുടർന്ന് വിലയ്ക്ക് വാങ്ങിയ വരവൂർ വ്യവസായ പാർക്കിൽ എന്തെങ്കിലും ചെറുകിട വ്യവസായങ്ങളാരംഭിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(എഫ്) ഈ സർക്കാരിന്റെ കാലത്ത് വരവൂർ വ്യവസായ പാർക്ക് സംരക്ഷിക്കുവാനോ ഏതെങ്കിലും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാനോ ശ്രമിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടുവരുന്നതിനും കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരംഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു. ചെറുകിട വ്യവസായങ്ങളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ്, വ്യവസായ സംഗമം, എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയ പരിപാടികളും നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബോധവത്കരണ ക്ലാസ്സുകൾ, സംരംഭത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവത്കരണ പദ്ധതി, ബ്ലോക്ക്/ താലൂക്ക്/ മുനിസിപ്പാലിറ്റി/ ജില്ലാതലങ്ങളിൽ നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, എമർജിംഗ് കേരള തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് പ്രവർത്തിച്ചു വരുന്നു

കൂടാതെ ബി.എൽ.ബി.സി., എസ്.എൽ.ബി.സി. മുതലായ ബാങ്കേഴ്സ് സമിതികളിൽ വ്യവസായികളുടെ പ്രശ്നങ്ങൾ നിരന്തരമായി ഉന്നയിച്ചുവരുന്നു.

(ബി&സി) വിശദമായ കണക്കുകൾ ശേഖരിച്ചുനൽകുന്നതാണ്.

(ഡി-എഫ്) വരവൂർ വ്യവസായ പാർക്കിനായി ഏറ്റെടുത്ത സ്ഥലത്തിന്റെ വികസനത്തിനായുള്ള പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാരിന്റെ മൈക്രോ സ്മാൾ എന്റർപ്രൈസസ്സ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം പദ്ധതിയിൻകീഴിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം 10 കോടി രൂപയാണ് ഓരോ വ്യവസായ പ്രദേശത്തിന്റെയും വികസനത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 60 ശതമാനം കേന്ദ്രവിഹിതമാണ്. ഇതിന്റെ പ്രാരംഭ നടപടിയായി വരവൂർ വ്യവസായ വികസന പ്ലോട്ടിന്റെ വികസനത്തിനായി വിശദമായ പദ്ധതി രേഖ തയ്യാറാക്കി കേരള സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് പദ്ധതി രൂപരേഖയ്ക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വരവൂർ വ്യവസായ വികസന പ്ലോട്ടിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. മേൽപ്പറഞ്ഞ കേന്ദ്ര സർക്കാർ പദ്ധതിയുടെ സംസ്ഥാന വിഹിതമായി നടപ്പുസാമ്പത്തിക വർഷത്തിൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വരവൂരിലെ ഭൂമിയുടെ അത്യാവശ്യമായ വികസന പ്രവർത്തനങ്ങൾക്കായി ഈ തുകയിൽനിന്നും 100 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിയും തുകയും അനുവദിക്കുന്ന മുറയ്ക്ക് അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. ഇതിനുശേഷം ആവശ്യമുള്ള സംരംഭകന് പ്ലോട്ടുകളായി തിരിച്ച് വ്യവസായം നടത്തുന്നതിന് സ്ഥലം അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly